# കേരളസർവകലാശാല

നം.പി.ആർ.184/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022 – പുതുക്കിയ തീയതി

കേരളസർവകലാശാലയുടെ ബി.എഡ്. അഡ്മിഷനിൽ ഒന്നും രണ്ടും അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ടി. സി. സമർപ്പിക്കുവാനുള്ള അവസാന തീയതി സെപ്റ്റംബർ 5 വരെ നീട്ടിയിരിക്കുന്നു.

നിലവിൽ ആദ്യ അലോട്ട്മെന്റ് ലഭിച്ച എല്ലാവരും 2022 ആഗസ്റ്റ് 31 ഉച്ചയ്ക്ക് 2.00 മണിക്ക് മുൻപേ അതാത് കോളേജുകളിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കേണ്ടതാണ്. ഒന്നും രണ്ടും അലോട്ട്മെന്റിൽ അഡ്മിഷൻ നേടുകയും ടി.സി. സമർപ്പിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ അഡ്മിഷനായിരിക്കും നൽകുന്നത്.

### കേരളസർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം 2022 – 23 ക്ലാസുകൾ ആഗസ്റ്റ് 31 മുതൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും യു.ഐ.ടി.കളിലേയും ഒന്നാം വർഷ ബിരുദ ക്ലാസുകൾ 2022 ആഗസ്റ്റ് 31 മുതൽ ആരംഭിക്കുന്നതാണ്.

### കേരളസർവകലാശാല: ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022 – 23 ക്ലാസുകൾ സെപ്റ്റംബർ 1 മുതൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും യു.ഐ.ടി.കളിലേയും ഒന്നാം വർഷ ബിരുദാനന്തര ബിരുദ ക്ലാസുകൾ 2022 സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 18 അഡ്മിഷൻ) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 28 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ. (ന്യൂജനറേഷൻ പ്രോഗ്രാം), ആഗസ്റ്റ് 2022 പരീക്ഷകൾ സെപ്റ്റംബർ 15 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 25 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും വർഷ ബി.എ./ബി.എ.അഫ്സൽ – ഉൽ – ഉലാമ/ബി.എസ്സി./ബി.കോം. (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകൾ 2022 സെപ്റ്റംബർ 13 ലേക്ക് (2016 അഡ്മിഷൻ – മേഴ്സിചാൻസ് വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ) പുനഃക്രമീകരിച്ചിരിക്കുന്നു. ഒന്നും രണ്ടും മൂന്നും വർഷ റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2016 അഡ്മിഷൻ – മേഴ്സിചാൻസ് വിദ്യാർത്ഥികളുടെ പാർട്ട് മൂന്ന് മെയിൻ ആന്റ് സബ്സിഡിയറി പരീക്ഷകൾ ഒക്ടോബർ 7 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്ട് – തീയതി നീട്ടി

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം., ജൂൺ 2022 പരീക്ഷയുടെ പ്രോജക്ട് സമർപ്പിക്കുവാനുള്ള തീയതി സെപ്റ്റംബർ 2 ലേക്ക് നീട്ടിയിരിക്കുന്നു.

## ഒന്നാം വർഷ ബി.ടെക്. – എൻ.ആർ.ഐ. സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കാര്യവട്ടം എൻജിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക്. കോഴ്സിൽ ഒഴിവുള്ള 6 എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ – 3 & ഇൻഫർമേഷൻ ടെക്നോളജി – 3) അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.ucek.in) സന്ദർശിക്കുക. ഫോൺ: 9037119776, 9447125125

തിരുവനന്തപുരം,
30.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**